

ബസ് അപകടത്തിൽ നിരവധി പേർക്ക് പരിക്ക്, നടുക്കുന്ന വീഡിയോ

കൊട്ടാരക്കര: ഓയൂർ റോഡിൽ നെല്ലിക്കുന്ന് ചുങ്കത്തറ സമീപം സ്വകാര്യ ബസ്സുകൾ നേർക്കുനേർ കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്ക്. ഇന്ന് രാവിലെ എട്ടോടെ ആയിരുന്നു അപകടം. രാജധാനി, മൂൺലൈറ്റ് എന്നീ ബസുകൾ ആണ് നേർക്കുനേർ ഇടിച്ചത്.

ബസിന്റെ ഡ്രൈവർക്ക് ഗുരുതര പരിക്ക് പറ്റി. പരിക്കേറ്റ യാത്രക്കാരെയും ഡ്രൈവറെയും കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പോലീസും അഗ്നിരക്ഷാ സേനയും. നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 183 2026 ഒക്ടോബർ 12 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സഭയിൽ ഒടിഞ്ഞ ലാത്തിയുമായി വി. ജോയ്, അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചു, പ്രതിപക്ഷം ഇറങ്ങിപ്പോയി

തിരു : യൂണിവേഴ്സിറ്റി ഹോസ്റ്റലിലുണ്ടായ സംഘർഷത്തിലും തുടർന്നുണ്ടായ പോലീസ് അതിക്രമത്തിലും നിയമസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം. വി. ജോയി എം.എൽ.എയാണ് വിഷയത്തിൽ പ്രമേയാവതരണത്തിന് നോട്ടീസ് നൽകിയത്. സഭയിൽ പ്രമേയാവതരണ വേളയിൽ, പോലീസിന്റെ മർദ്ദനത്തിൽ പൊട്ടിയ ലാത്തിയുടെ ഭാഗം പ്രതിപക്ഷം സഭയിൽ പ്രദർശിപ്പിച്ചു. പിന്നാലെ ഭരണ-പ്രതിപക്ഷാംഗങ്ങൾ തമ്മിൽ വലിയ വാഗ്വാദമാണ് ഉണ്ടായത്. അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

തിരുവനന്തപുരത്ത് നടന്നത് 'സർക്കാർ സ്പോൺസേർഡ് നരനായാട്ടാ'ണെന്ന് വി. ജോയ് എം.എൽ.എ കുറ്റപ്പെടുത്തി. കന്റോൺമെന്റ് എസ്.ഐ ഗോകുൽ 34 സെക്കൻഡ് കൊണ്ട് 26 തവണയാണ് വിദ്യാർഥികളെ അടിച്ചത്. മർദ്ദിക്കാൻ പോലീസ് ഉപയോഗിച്ച ലാത്തിയുടെ കഷണം സഭയിൽ ഉയർത്തിയാണ് വി. ജോയ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

സഭയിൽ എം.എൽ.എ ലാത്തിയുടെ ഭാഗം പ്രദർശിപ്പിച്ചതിന് പിന്നാലെ സ്പീക്കർ ഇടപെട്ടു. ലാത്തിയുടെ ഭാഗം വാങ്ങാൻ അദ്ദേഹം വാച്ച് ആൻഡ് വാർഡിനോട് നിർദേശിച്ചു. ലാത്തിയുടെ ഭാഗം പരിശോധിക്കുമെന്നും സ്പീക്കർ സഭയെ അറിയിച്ചു.

അടിയന്തര പ്രമേയത്തോട് പ്രതികരിച്ച ആഭ്യന്തരമന്ത്രി സഭയിൽ കേസിന്റെ വിവരങ്ങൾ വിശദീകരിച്ചു. യൂത്ത് കോൺഗ്രസ്, എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്തതായി രമേശ് ചെന്നിത്തല അറിയിച്ചു. ഇതുകൂടാതെ കന്റോൺമെന്റ്, മെഡിക്കൽ കോളേജ്, പേട്ട തുടങ്ങിയ വിവിധ സ്റ്റേഷനുകളിലായി എട്ട് കേസുകൾ കൂടി ഇതിനോടനുബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

പ്രതിപക്ഷ നേതാക്കൾ പോലീസ് ഉദ്യോഗസ്ഥരെയും അവരുടെ കുടുംബങ്ങളെയും വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയതായി ആരോപിച്ച മന്ത്രി, കന്റോൺമെന്റ് സി.ഐയും എസ്.ഐയും ജോലി കഴിഞ്ഞ് വീട്ടിൽ പോകുമ്പോൾ കുഞ്ഞുങ്ങളെ താലോലിക്കാൻ കഴിയാതെ ഇല്ലാതാക്കിക്കളയുമെന്ന് കടകംപള്ളി സുരേന്ദ്രൻ പരസ്യമായി ഭീഷണിപ്പെടുത്തിയ കാര്യവും സഭയിൽ ചൂണ്ടിക്കാട്ടി. താൻ മുമ്പ് രണ്ടര വർഷക്കാലം ആഭ്യന്തര മന്ത്രിയായിരുന്ന കാലയളവിൽ കേരള പോലീസ് ആക്ട് അനുസരിച്ച് ആരുടെയും തലയ്ക്കടിക്കരുതെന്ന് വ്യക്തമായ നിർദ്ദേശമുണ്ടായിരുന്ന കാര്യവും ചെന്നിത്തല ഓർമ്മിപ്പിച്ചു.

പോലീസുകാരെ കൊല്ലുമെന്ന് താൻ പറഞ്ഞിട്ടില്ലെന്നും, ലാത്തികൊണ്ട് തലയ്ക്കടിച്ചാൽ അത് കൊലപാതകത്തിൽ കലാശിക്കുമെന്നാണ് താൻ ചൂണ്ടിക്കാണിച്ചതെന്നും വി. ജോയ് സഭയിൽ വിശദീകരിച്ചു. ഏതെങ്കിലും ഒരു സാഹചര്യത്തിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്റെ പേരെടുത്തു പറഞ്ഞ് കൊല്ലുമെന്ന് താൻ പറഞ്ഞിട്ടുണ്ടെന്ന് തെളിയിച്ചാൽ എം.എൽ. എ സ്ഥാനം രാജിവെക്കാൻ തയ്യാറാണെന്നും ജോയ് വെല്ലുവിളിച്ചു.

പിണറായി ഒന്നാംപ്രതി

റിയാസും വീണയും പ്രതികൾ; വിജിലൻസ് എഫ്ഐആർ

തിരു: സിഎംആർഎൽ–എക്സാലോജിക് കേസിൽ പിണറായി വിജയനും ടി.വീണയ്ക്കും മുഹമ്മദ് റിയാസിനുമെതിരെ വിജിലൻസ് കേസെടുത്തു. കൈക്കൂലിക്കേസിൽ പിണറായി വിജയനെ ഒന്നാം പ്രതിയാക്കിയാണ് കേസെടുത്തിരിക്കുന്നത്. വീണക്കെതിരെ കൈക്കൂലി, ഹവാല കേസുകളാണ് റജിസ്റ്റർ ചെയ്തത്. ഇരു കേസുകളിലും രണ്ടാം പ്രതിയാണ് വീണ. മുഹമ്മദ് റിയാസിനെ ഹവാല കേസിലാണ് പ്രതി ചേർത്തിരിക്കുന്നത്. കേസിൽ ഒന്നാം പ്രതിയാണ് റിയാസ്. ഹൈക്കോടതിയുടെ നിർദേശത്തെത്തുടർന്നാണ് വിജിലൻസ് കേസെടുത്തത്.

പിണറായി വിജയനെതിരെ കൈക്കൂലിക്കേസാണ് റജിസ്റ്റർ ചെയ്തത്. ടി. വീണയ്ക്കെതിരെ കൈക്കൂലി, ഹവാല ഇടപാടുകളുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ റജിസ്റ്റർ ചെയ്തു. മുഹമ്മദ് റിയാസിനെതിരെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട കേസാണ് റജിസ്റ്റർ ചെയ്തിരിക്കുന്നത്. ഹലാവക്കേസിൽ വീണയാണ് രണ്ടാം പ്രതി. അനധികൃത സ്വത്ത് സമ്പാദനം ഉൾപ്പെടെയുള്ള ആരോപണങ്ങളും അന്വേഷണത്തിന്റെ പരിധിയിൽ വരും.

വിജിലൻസ് ഡയറക്ടർക്ക് കേസെടുക്കാൻ ഹൈക്കോടതി നിർദേശം നൽകിയ സാഹചര്യത്തിൽ തുടർനടപടികൾക്ക് മറ്റ് നിയമതടസ്സങ്ങളില്ലെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ. സിഎംആർഎല്ലിൽ നിന്ന് 3.28 കോടി രൂപ കൈക്കൂലിയായി സ്വീകരിച്ചെന്നാണ് പിണറായി വിജയനെതിരായ ആരോപണം.

കൈക്കൂലി കേസിൽ ഏഴ് പ്രതികൾ: പിണറായി വിജയൻ, ടി. വീണ, എക്സാലോജിക് സൊലൂഷ്യൻസ്, എസ്.എൻ.ശശിധരൻ കർത്ത, പി. സുരേഷ് കുമാർ, എം.പവർ ഇന്ത്യ കാപ്പിറ്റൽ ലിമിറ്റഡ്, കണ്ടാലറിയാവുന്നവർ.

ഹവാല കേസിൽ എട്ട് പ്രതികൾ: മുഹമ്മദ് റിയാസ്, ടി വീണ, ഷൈജൽ, നിഖിൽ, ഹസൻ വാരിസ്,ഫൈജാസ്, എം.നന്ദുലാൽ, കണ്ടാലറിയാവുന്നർ.

ചുമത്തിയത്അഴിമതി നിരോധന നിയമം, വഞ്ചന, അനധികൃത സ്വത്ത് സമ്പാദ്യം ഉൾപ്പടെയുള്ള വകുപ്പുകൾ. ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്ത് അനധികൃത സമ്പാദ്യം നടത്തിയെന്ന് എഫ്.ഐ.ആർ. അതേസമയം, സിഎംആർഎൽഎക്സാലോജിക് കേസിൽ എഫ്ഐആർ റജിസ്റ്റർ ചെയ്യണമെന്ന ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ അപ്പീൽ ഇന്ന് ഉച്ചയ്ക്ക് 1.45ന് ഡിവിഷൻ ബെഞ്ച് പരിഗണിക്കും. മുദ്രവെച്ച കവറിലെ വിവരങ്ങൾ മാത്രം അടിസ്ഥാനമാക്കി കേസെടുക്കാൻ ഉത്തരവിട്ടത് നിയമപരമല്ലെന്നാണ് അപ്പീലിലെ പ്രധാന വാദം. തന്റെ വാദം കേൾക്കാതെയാണ് സിംഗിൾ ബെഞ്ച് ഉത്തരവിട്ടതെന്നും പിണറായി വിജയൻ അപ്പീലിൽ ചൂണ്ടിക്കാട്ടുന്നു.

ഡൽഹിയെ ജയിലാക്കി മാറ്റി, ഗുണ്ടകളെ ഉപയോഗിച്ച് തല്ലിച്ചതക്കുന്നു: രാഹുൽ

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് ഡൽഹിയിൽ നടക്കുന്ന പ്രതിഷേധങ്ങളെ പൊലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നതിൽ കേന്ദ്ര സർക്കാറിനെ രൂക്ഷമായി വിമർശിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

ഡൽഹിയിൽ എത്തുന്നവരെ പൊലീസ് തടയുകയാണെന്നും പൂർണമായി ജയിലാക്കി മാറ്റിയെന്നും രാഹുൽ ആരോപിച്ചു. പ്രതിഷേധത്തിനിടയിലും ഗ്യാനേഷിനെ സംരക്ഷിക്കുന്നത് കേന്ദ്ര സർക്കാർ തുടരുകയാണെന്നും രാജിവെക്കുന്നതുവരെ സമരം തുടരുമെന്നും രാഹുൽ വ്യക്തമാക്കി. "നാലോ അഞ്ചോ ദിവസമായി ജനകീയ പ്രതിഷേധം നടക്കുന്നുണ്ട്. ഡൽഹിയിൽ എത്തുന്നവരെ പൊലീസ് തടയുകയാണ്. ഡൽഹിയെ എന്തിനാണ് ജയിലാക്കി മാറ്റിയിരിക്കുന്നത്? ഇന്ത്യയുടെ തലസ്ഥാന നഗരം എന്തിനാണ് തടവിലാക്കപ്പെട്ടിരിക്കുന്നത്?" ന്യൂഡൽഹിയിലെ എ.ഐ. സി.സി ആസ്ഥാനത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ രാഹുൽ ഗാന്ധി ചോദിച്ചു.

ജനങ്ങളെ ഡൽഹിയിലെത്തുന്നതിൽനിന്ന് തടയുകയാണ്. ട്രെയിനുകളും ബസുകളും റദ്ദാക്കി. ഡൽഹിയെ അവർ ഒരു കോട്ടയാക്കി മാറ്റി. ഏകദേശം 30,000 പൊലീസുകാരെയാണ് വിന്യസിച്ചിരിക്കുന്നത്. സർക്കാറിന്റെ ഭാഗത്തുനിന്നുള്ള വലിയ പിഴവാണിത്. ബി.ജെ.പി ഗുണ്ടകളും ആർ.എസ്.എസ് ഗുണ്ടകളും സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ ക്രൂരമായി മർദിക്കുകയാണ്. പൊലീസിലെ 50 ശതമാനം ഉദ്യോഗസ്ഥരും തങ്ങളോട് പറയുന്നത് നിങ്ങളുടെ സമരം ന്യായമാണെന്നും മുന്നോട്ടു പോകണമെന്നുമാണ്. എല്ലായിടത്തുനിന്നും തങ്ങൾക്ക് വിവരം ലഭിക്കുന്നുണ്ട്. ഗ്യാനേഷിന് ഉറക്കം നഷ്ടപ്പെട്ടു. ഗ്യാനേഷ് രാജിവെക്കുന്നതുവരെ സമരം തുടരുമെന്നും രാഹുൽ കൂട്ടിച്ചേർത്തു.

എവിടെ പ്രതിഷേധിക്കുമെന്ന് ചോദിച്ചപ്പോൾ, വീട്ടിൽ പ്രതിഷേധിക്കാനാണ് ഡൽഹി പൊലീസ് പറഞ്ഞത്. വീട്ടിൽ എങ്ങനെയാണ് പ്രതിഷേധിക്കുക? ജന്തർ മന്തറിൽ സ്ഥലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും അവർ സമ്മതിച്ചില്ല. എന്നെ കസ്റ്റഡിയിലെടുത്തു. പിന്നീട് തങ്ങൾ രാജ്ഘട്ടിലേക്ക് പോയി. വിദ്യാർഥികളെയും പ്രതിഷേധിക്കുന്നതിൽനിന്ന് തടഞ്ഞു. ചീഫ് ജസ്റ്റിസിനോട് കൂടിക്കാഴ്ചക്ക് സമയം തേടി. ഹരജി സമർപ്പിക്കാനാണ് ചീഫ് ജസ്റ്റിസ് നിർദേശിച്ചത്. സുപ്രീംകോടതിയിൽ ഹർജി നൽകി നിയമപരമായ മാർഗം സ്വീകരിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഉച്ചക്കുശേഷം മൂന്നിന് പ്രതിപക്ഷ എം.പിമാർക്കൊപ്പം സുപ്രീംകോടതിയിലെത്തി ഹരജി നൽകുമെന്നും രാഹുൽ പറഞ്ഞു. ഗ്യാനേഷ് കുമാറിനെ മുഖ്യ തെരഞ്ഞെടുപ്പ് കമീഷണർ സ്ഥാനത്തുനിന്ന് നീക്കുന്നതുവരെ സമരം അവസാനിപ്പിക്കില്ലെന്നും രാഹുൽ മുന്നറിയിപ്പ് നൽകി.

നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാറിലെ 200 ഉദ്യോഗസ്ഥർ പ്രതിപക്ഷവുമായി ബന്ധം പുലർത്തുന്നുണ്ടെന്നും വിവരങ്ങൾ കൈമാറുന്നുണ്ടെന്നും രാഹുൽ ഗാന്ധി അവകാശപ്പെട്ടു. ഇൻഡ്യ സഖ്യ നേതാക്കളുമായുള്ള കൂടികാഴ്ചക്ക് ചീഫ് ജസ്റ്റിസ് അനുമതി നൽകാത്ത സാഹചര്യത്തിലും സുപ്രീംകോടതി മാർച്ചുമായി മുന്നോട്ടുപോകാനാണ് ഇൻഡ്യ സഖ്യ തീരുമാനം. ജനങ്ങൾ സ്വമേധയാ സമരത്തിൽ പങ്കുചേരണമെന്ന് കോൺഗ്രസ് എം.പി ഇംറാൻ മസൂദ് അഭ്യർഥിച്ചു. "ഞങ്ങൾ പ്രതിഷേധം ആസൂത്രണം ചെയ്തിട്ടുണ്ട്. പാർട്ടി നൽകുന്ന നിർദേശങ്ങൾ എല്ലാവരും പാലിക്കും.

ജനങ്ങൾ സ്വമേധയാ മുന്നോട്ടുവരികയാണ്. എല്ലായിടത്തും സ്വാഭാവികമായി ഉയർന്നുവരുന്ന ജനകീയ പ്രക്ഷോഭമാണിത്." -അദ്ദേഹം വാർത്ത ഏജൻസിയായ എ.എൻ.ഐയോട് പറഞ്ഞു.

ഡൽഹി ഇതുവരെ കണ്ടിട്ടില്ലാത്ത വലിയ പ്രതിഷേധമായി ഇന്നത്തെ ദിവസം ചരിത്രത്തിന്റെ സുവർണാക്ഷരങ്ങളിൽ രേഖപ്പെടുത്തുമെന്ന് കോൺഗ്രസ് എം.പി ജെബി മേത്തർ പ്രതികരിച്ചു.

പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ മധ്യ ഡൽഹിയിൽ സുരക്ഷ ശക്തമാക്കി. വിവിധ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിച്ചു. ഡൽഹി പൊലീസിനൊപ്പം ദ്രുത കർമ സേന, കേന്ദ്ര റിസർവ് പൊലീസ് ഫോഴ്സ് എന്നിവരെയും വിന്യസിച്ചു.

ആറു മെട്രോ സ്റ്റേഷനുകൾ അടച്ചുപൂട്ടി. നിലവിലെ സാഹചര്യത്തിൽ കൂടിക്കാഴ്ച അനുവദിക്കുന്നത് അനുചിതമെന്ന് വ്യക്തമാക്കിയാണ് ചീഫ് ജസ്റ്റിസ് അനുമതി നിഷേധിച്ചത്. നിവേദനം സമർപ്പിക്കുന്നതിന് പകരം, വിഷയത്തിൽ ഔദ്യോഗികമായി ഹരജി ഫയൽ ചെയ്ത് കോടതിയെ സമീപിക്കാനാണ് ചീഫ് ജസ്റ്റിസ് മറുപടി നൽകിയത്.

മംഗലാപുരം എക്സ്പ്രസിനു മുന്നിലേക്ക് എടുത്തുചാടി; അവനികയുടേയും പാർഥിബിന്റേയും മരണത്തിൽ ഞെട്ടലോടെ നാട്ടുകാർ

കോഴിക്കോട്: കൊയിലാണ്ടി ചേമഞ്ചേരിയിൽ സുഹൃത്തുക്കളായ വിദ്യാർഥികളുടെ മരണവാർത്ത കേട്ട ഞെട്ടലിലാണ് നാട്ടുകാർ. ഒമ്പതാം ക്ലാസ് വിദ്യാർഥിനിയായ അവനികയും (14) പ്ലസ് ടു വിദ്യാർഥിയായ പാർഥിബും(17) ആണ് മരിച്ചത്. ദേശീയപാതയും റെയിൽവേ ട്രാക്കും അടുത്തടുത്ത് വരുന്ന ഭാഗത്ത് ഇന്നലെ വൈകിട്ടോടെ എത്തിയ ഇരുവരും മംഗലാപുരം ചെന്നൈ എക്സ്പ്രസ് ട്രെയിനിന് മുന്നിലേയ്ക്ക് എടുത്തുചാടുകയായിരുന്നു.

തിരുവങ്ങൂർ കോഴിപ്പറമ്പത്ത് സുബീഷിന്റെയും സുനിഷയുടെയും മകനാണ് പാർഥിബ്. അത്തോളി ഹയർസെക്കൻഡറി സ്കൂളിലെ വിഎച്ച്എസ്സി വിദ്യാർഥിയാണ്. ഏറെക്കാലമായി ഇരുവരും അടുപ്പത്തിലായിരുന്നുവെന്ന് അയൽവാസികൾ പറയുന്നു. അവനിക പഠിക്കുന്ന തിരുവങ്ങൂർ സ്കൂളിലെ പൂർവ വിദ്യാർഥിയാണ് പാർഥിബ്.

സമീപവാസികൾ ആയതിനാൽ അവനികയും പാർഥിബും തമ്മിൽ ഏറെ നാളായി പരസ്പരം അറിയാം. സ്കൂളിൽ ഇരുവരും ഒരുമിച്ചെത്തിയപ്പോഴാണ് അടുത്ത സൗഹൃദത്തിലായതെന്ന് കൂട്ടുകാർ പറയുന്നു. എന്നാൽ ജീവനൊടുക്കാൻ മാത്രം ഇരുവർക്കുമിടയിൽ എന്താണ് സംഭവിച്ചത് എന്ന് ആർക്കും മനസിലാകുന്നില്ല.

അവനികയുടെ അമ്മ റീന താമരശേരിയിലെ സ്വകാര്യ സ്ഥാപനത്തിലാണ് ജോലി നോക്കുന്നത്. കുറച്ച് നാൾ മുമ്പ് ദിവസേനയുള്ള യാത്ര ഒഴിവാക്കാനായി റീന താമരശേരിലെ വാടക വീട്ടിലേയ്ക്ക് മാറിയിരുന്നു. അതിനാൽ ചിലപ്പോഴൊക്കെ അവനിക താമരശേരിയിൽ അമ്മക്കൊപ്പം താമസിച്ചു. അതിനിടയിലാണ് അവനികയുടെ അച്ഛൻ സുരേഷിന്റെ കാലൊടിഞ്ഞത്. ജോലി ഇല്ലാത്തപ്പോൾ അമ്മ റീനയും അല്ലാത്ത സമയം അവനികയുമാണ് മെഡിക്കൽ കോളജിൽ അച്ഛന് കൂട്ട് നിന്നിരുന്നത്.

ഇതിന് പിന്നാലെയാണ് മരണവാർത്തയെത്തുന്നത്. വീട്ടുകാര്യങ്ങൾ നോക്കാനും പഠിക്കാനും മിടുക്കിയായിരുന്നു അവനികയെന്ന് അയൽവാസികൾ ഓർക്കുന്നു. ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹങ്ങൾ കോഴിക്കോട് മെഡിക്കൽ കോളജ് മോർച്ചറിയിലേയ്ക്ക് മാറ്റി. പോസ്റ്റുമോർട്ടത്തിന് ശേഷം ഇന്ന് വൈകിട്ട് സംസ്കാരം നടത്തും.

ഊർജ്ജമേഖലയിൽ വെടിനിർത്തിയെന്ന് ട്രംപ്, പിന്നാലെ യുക്രൈനിൽ റഷ്യൻ ആക്രമണം, ആറ് മരണം

കീവ്/വാഷിംഗ്ടൺ: ഊർജകേന്ദ്രങ്ങൾക്ക് നേരെ ആക്രമണം നടത്തുന്നത് ഉടനടി നിർത്തിവെക്കാൻ ധാരണയായെന്ന യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനത്തിന് പിന്നാലെ, യുക്രൈനിലെ നിരവധി പവർ പ്ലാന്റുകൾക്ക് നേരെ റഷ്യ കനത്ത ആക്രമണം നടത്തി. ട്രംപിന്റെ വെടിനിർത്തൽ അവകാശവാദത്തിന് പിന്നാലെ കീവിലും ഖാർകീവിലും റഷ്യൻ ഡ്രോൺ–മിസൈൽ ആക്രമണങ്ങൾ നടന്നു. ഞായറാഴ്ചയുണ്ടായ റഷ്യൻ ആക്രമണങ്ങളിൽ കുട്ടികളടക്കം ആറ് പേർ കൊല്ലപ്പെടുകയും 20 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ട്രംപിന്റെ ഊർജ വെടിനിർത്തൽ പ്രഖ്യാപനം തനിക്ക് പുതിയ അറിവാണെന്ന് യുക്രൈൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കി പ്രതികരിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ആക്രമണങ്ങളുണ്ടായത്.ഞായറാഴ്ച രാത്രി കീവിലുള്ള ഊർജനിലയത്തിന് നേരെ നടന്ന റഷ്യൻ ഡ്രോൺ ആക്രമണത്തിൽ തലസ്ഥാന നഗരിയിൽ വൈദ്യുതി വിച്ഛേദിക്കപ്പെട്ടു.

വിവാഹമുറപ്പിച്ചു, ഇനി പ്രണയം തുടരാനാവില്ലെന്ന് യുവതി; കൊക്കയിൽ തള്ളിയിട്ട് കൊന്ന് യുവാവ്

മുംബൈ: പ്രണയബന്ധം തുടരാൻ താൽപര്യമില്ല എന്നു പറഞ്ഞ കാമുകിയെ കൊക്കയിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തി യുവാവ്. മഹാരാഷ്ട്രയിലെ കോലാപുർ ജില്ലയിലാണ് ഈ ദാരുണമായ കൊലപാതകം നടന്നത്. തരന്നും ബഷീർ നായിക് (23) ആണ് കൊല്ലപ്പെട്ടത്. പ്രതി ശ്രീപദ് ദിനകർ വാഡു (25) പോലീസ് കസ്റ്റഡിയിലാണ്. സംഭവത്തിന് പിന്നാലെ ഇയാൾ ഭുദർഗഡ് പോലീസ് സ്റ്റേഷനിൽ എത്തി കീഴടങ്ങി കുറ്റസമ്മതം നടത്തുകയായിരുന്നു.

വെള്ളിയാഴ്ച രാവിലെ നായികാഡിക്ക് സമീപമാണ് സംഭവം നടന്നത്. ഗാർഗോട്ടിയിലെ അവധൂത് കോളനിയിലെ താമസക്കാരാണ് ഇരുവരും. എതിർ വീടുകളിൽ താമസിച്ചിരുന്ന ഇരുവരും ഏറെ നാളായി അടുപ്പത്തിലായിരുന്നു. മഹാഗാവിലെ ഒരു കോളേജിൽ എഞ്ചിനീയറിങ്ങിന് പഠിക്കുകയായിരുന്നു തരന്നം. വീട്ടുകാർ വിവാഹം മറ്റൊരാളുമായി നിശ്ചയിച്ചതോടെയാണ് തരന്നം പ്രണയബന്ധത്തിൽ നിന്ന് പിന്മാറാൻ തീരുമാനിച്ചത്.

ഈ വിവരം ശ്രീപദിനെ അറിയിച്ചതോടെ തർക്കം ഉടലെടുത്തു. പിന്നാലെ, വെള്ളിയാഴ്ച രാവിലെ 11 മണിയോടെ ശ്രീപദ് സംസാരിക്കാനെന്ന് പറഞ്ഞ് തരന്നമിനെ നായികാഡിയിലെ ആഴമേറിയ കൊക്കയ്ക്ക് സമീപമുള്ള പ്രദേശത്തേക്ക് കൂട്ടിക്കൊണ്ടുപോവുകയായിരുന്നു. സംസാരിക്കുന്നതിനിടെ, തന്റെ വിവാഹം നിശ്ചയിച്ചിട്ടുണ്ടെന്നും ഇനിയും ബന്ധം മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ലെന്നും യുവതി വ്യക്തമാക്കി.

പ്രകോപിതനായ ശ്രീപദ് പെട്ടെന്ന് യുവതിയെ കൊക്കയിലേക്ക് തള്ളിയിടുകയായിരുന്നു. വീഴ്ചയിൽ യുവതി തൽക്ഷണം മരിച്ചു. സംഭവത്തിന് ശേഷം തരന്നമിനെ കാണാനില്ലെന്ന് വരുത്തിത്തീർത്ത് കുറ്റകൃത്യം മറച്ചുവെക്കാനാണ് ശ്രീപദ് ശ്രമിച്ചത്. എന്നാൽ പിന്നീട് ഇയാൾ ഭൂദർഗഡ് പോലീസ് സ്റ്റേഷനിൽ എത്തി കുറ്റസമ്മതം നടത്തുകയും കീഴടങ്ങുകയുമായിരുന്നു. അതേസമയം, സംഭവത്തെക്കുറിച്ച് അറിഞ്ഞ തരന്നമിന്റെ ബന്ധുക്കൾ ഗാർഗോട്ടിയിലെ ജില്ലാ ആശുപത്രിയിൽ എത്തി. ബന്ധുക്കൾ തടിച്ചുകൂടിയതോടെ ആശുപത്രിയിൽ സംഘർഷാവസ്ഥ ഉടലെടുത്തു.

കോടതി പരസ്യം

ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻമുമ്പാകെ

സി സി 472/2026

റോബി ആന്റണി –ഹർജിക്കാരൻ

1) സബ്സ്ക്രൈബേഴ്സ് ചിറ്റ്സ് (പ്രൈ) ലിമിറ്റഡ്, പ്രസിഡൻസി കോംപ്ലക്സ്, പാറയിൽ ലെയിൻ, പൂത്തോൾ റോഡ്, തൃശ്ശൂർ 680 004 Rep. By ചെയർമാൻ, സബ്സ്ക്രൈബേഴ്സ് ചിറ്റ്സ് (പ്രൈ) ലിമിറ്റഡ്, പൂത്തോൾ, തൃശ്ശൂർ

2) ചെയർമാൻ, സബ്സ്ക്രൈബേഴ്സ് ചിറ്റ്സ് (പ്രൈ) ലിമിറ്റഡ്, പ്രസിഡൻസി കോംപ്ലക്സ്, പാറയിൽ ലെയിൻ പൂത്തോൾ റോഡ്, തൃശ്ശൂർ 680 004

–എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ബഹുമാനപ്പെട്ട തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെയും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് കേസ് **19–01–2027** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് എതൃകക്ഷികൾ ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ ഹാജരാകാത്തപക്ഷം ടിയാരെ കൂടാതെ കേസ് തീർപ്പു കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 12–10–2026
ഹർജിഭാഗം അഡ്വക്കേറ്റ് :
കെ.ഉണ്ണികൃഷ്ണൻ (ഒപ്പ്)

ടെണ്ടർ പരസ്യം

2026–27 സാമ്പത്തിക വർഷത്തിൽ പാൽ, മുട്ട വിതരണത്തിനായി കൊടകര അഡീഷ്ണൽ പ്രൊജക്ടിലെ കൊടകര, മറ്റത്തൂർ വരന്തരപ്പിള്ളി പഞ്ചായത്തിലെ 121 അംഗനവാടികളിലേക്ക് പഞ്ചായത്ത് തലത്തിൽ ടെണ്ടർ ക്ഷണിക്കുന്നു.

ടെണ്ടർ വിൽപന അവസാന ദിവസം **–19–10–2026 12 മണിവരെ**

ടെണ്ടർ സ്വീകരിക്കുന്ന അവസാനദിവസം – **19–10–2026 2 മണിവരെ**

ടെണ്ടർ തുറക്കുന്ന തിയ്യതി, സമയം–**19–10–2026 3 മണിവരെ**

**Child Development Project
Officer, ICDS Kodakara Addl.
Mini Civil Station, Kodakara
P.O. Kodakara-680684,
Thrissur, Ph: 9846401932**

കോടതി പരസ്യം

ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻമുമ്പാകെ

സി സി 983/2025

Bixon J. Kalathil –ഹർജിക്കാരൻ

Thejus Kallubai Kachadiya, Vishnu Nagar, Co-Operative Society 1, Vrudavan Rajkot, Gujarat, Pin-360004

–2–ാം എതൃകക്ഷി

മേൽ നമ്പറിൽ 2–ാം എതൃകക്ഷിക്കുള്ള നോട്ടീസ് ബഹുമാനപ്പെട്ട തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെയും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് കേസ് **19–10–2027** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് എതൃകക്ഷികൾ ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ ഹാജരാകാത്തപക്ഷം ടിയാരെ കൂടാതെ കേസ് തീർപ്പു കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 12–10–2026
ഹർജിഭാഗം അഡ്വക്കേറ്റ് :
JIPSON ANTONY (ഒപ്പ്)

ശ്രീലക്ഷ്മി
9539108888
സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്

തൃശൂർ ജില്ലയിൽ എവിടേയും
ഏറ്റവും കുറഞ്ഞ ചിലവിൽ
ഇടനിലക്കാരില്ലാതെ
പെർമിറ്റുള്ള ടാങ്കറിൽ
രാത്രിയും പകലും കൊണ്ട് പോകും.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ആ പോരാളി ഒരു മലയാളി; പി. പവിത്ര, ഡൽഹി പ്രതിഷേധത്തിൽ ശ്രദ്ധനേടിയ വിദ്യാർഥി പാലക്കാട്ടുകാരി

പാലക്കാട്: സ്ഥലം: രാജ്യതലസ്ഥാനം. സമയം: ശനിയാഴ്ച രാവിലെ പത്തര. മുഖ്യ തിരഞ്ഞെടുപ്പു കമ്മിഷണർ ഗ്യാനേഷ് കുമാറിന്റെ രാജിയാവശ്യപ്പെട്ട് സി.ജെ.പി., ഇടത് സംഘടനകളുടെ പ്രതിഷേധമാർച്ച് നഗരത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് തുടങ്ങുന്നു. എല്ലാവരുടെയും ലക്ഷ്യം ജന്തർമന്തർ. ആരും അവിടേക്ക് എത്താതിരിക്കുകയാണ് പോലീസിന്റെ ലക്ഷ്യം. ഇതിനായി, മാർച്ച് വരുന്ന വഴികളിൽ പോലീസ് ബാരിക്കേഡുവെച്ച് തടയുന്നു, മാർച്ചിൽ പങ്കെടുക്കുന്നവരെ കസ്റ്റഡിയിലെടുക്കുന്നു.

റാലിയായിവന്ന ഒരുകൂട്ടം വിദ്യാർഥികളെ ആകാശവാണി ഭവനടുത്ത് പോലീസ് തടയുന്നു. പോലീസിനെ വെട്ടിച്ച് കുറച്ചുപേർ മുന്നോട്ടുപോകുന്നു. ഇതിനിടെ, മുടി പറ്റേ വെട്ടിയ, ടി-ഷർട്ടിട്ട, പിന്നിൽ ചെറിയബാഗ് തൂക്കിയ ഒരു പെൺകുട്ടി എസ്.എഫ്.ഐ.യുടെ പതാകയുമായി മുന്നോട്ടുകുതിക്കുന്നു.

ചാനൽ-പത്ര ഫോട്ടോഗ്രാഫർമാരുടെ ക്യാമറയിലുടക്കിയ ആ ചിത്രം 24 മണിക്കൂറിനകം സാമൂഹികമാധ്യമങ്ങളിൽ പ്രതിഷേധത്തിന്റെ ചൂടുംചൂരുമാകുമെന്ന് ആ പെൺകുട്ടിതന്നെ കരുതിയില്ല. ആ ചിത്രത്തിലുള്ള വിദ്യാർഥിനി പാലക്കാട് മങ്കര സ്വദേശിയായ പി. പവിത്രയാണ്. ഡൽഹി യൂണിവേഴ്സിറ്റിയിൽ ബി.എസ്സി. നരവംശശാസ്ത്രം മൂന്നാംവർഷ വിദ്യാർഥി.

എന്താണ് സംഭവിച്ചതെന്ന് പവിത്ര 'മാതൃഭൂമി'യുമായി പങ്കുവെക്കുന്നു. 'എസ്.എഫ്.ഐ.യുടെ പ്രതിഷേധത്തിനുള്ള ഒരുക്കം വെള്ളിയാഴ്ച തന്നെ തുടങ്ങിയിരുന്നു. ഞങ്ങളെല്ലാം സി.പി.എം. ഓഫീസായ ഹർകിഷൻസിങ് സുർജിത് ഭവനിൽ തലേന്നുതന്നെ എത്തി. ശനിയാഴ്ചരാവിലെ അവിടെനിന്ന് ജന്തർമന്തറിലേക്ക് എത്താനായിരുന്നു പരിപാടി.' പവിത്ര പറയുന്നു.

'എന്നാൽ, ഓഫീസിനുമുന്നിൽ ബാരിക്കേഡ് വെച്ച് തടയാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി കുറേ വിദ്യാർഥികളെ സി.പി.എം. ആസ്ഥാനമായ എ.കെ.ജി. ഭവനിലേക്കുമാറ്റി. ശനിയാഴ്ച രാവിലെ പത്തോടെ ഇരുസ്ഥലത്തുനിന്നും റാലി തുടങ്ങി. ഞങ്ങളുടെ കൈയിൽ എസ്.എഫ്.ഐ.യുടെ കൊടികളുമുണ്ടായിരുന്നു.'

'ആകാശവാണിഭവന് സമീപത്ത് പോലീസ് തുടരെത്തുടരെ ബാരിക്കേഡുകൾ വെച്ചിരുന്നു. ഇതുമറികടന്ന് വിദ്യാർഥികൾ പോകാൻ തുടങ്ങിയതോടെ പോലീസ് അവരെ കസ്റ്റഡിയിലെടുത്തുതുടങ്ങി. ഞാനുൾപ്പെടെയുള്ള കുറച്ചുപേർ കൊടിയുമായി പോലീസിനെ വെട്ടിച്ചോടി. കുറച്ചുദൂരം പിന്നിട്ടപ്പോഴേക്കും പോലീസ് വളഞ്ഞു. എല്ലാവരെയും കസ്റ്റഡിയിലെടുത്തു.'

'ഇതിനിടെ പിടിയുംവലിയുമായി. പോലീസിന്റെ അടിയേറ്റു. ബസ് എങ്ങോട്ടെന്നില്ലാതെ പോയ്ക്കൊണ്ടിരുന്നു. കുറച്ചുദൂരം പിന്നിട്ടപ്പോൾ ട്രാഫിക് സിഗ്നലിൽ വണ്ടി നിർത്തി. അപ്പോൾ ഞങ്ങൾ കുറച്ചുപേർ ഇറങ്ങി രക്ഷപ്പെട്ടു' - പവിത്ര പറഞ്ഞു.

പാലക്കാട് മങ്കര കാരാട്ടിൽ വീട്ടിൽ പരേതനായ പ്രകാശന്റെയും ബിന്ദുവിന്റെയും മകളാണ് പവിത്ര. എസ്.എഫ്.ഐ. അംഗമാണ്. മങ്കര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ടന്റാണ് അമ്മ. ഡൽഹി സർവകലാശാലയിലെ മുൻ വിദ്യാർഥി, പ്രഭാതാണ് ജ്യേഷ്ഠൻ.

മലയാളി വിദ്യാർഥികളുടെ കൂട്ടായ്മയായ 'മൈത്രി'യുടെ ജോയിന്റ് സെക്രട്ടറിയായിരുന്നു കഴിഞ്ഞവർഷം പവിത്ര. ഈ വർഷം കോഴ്സ് പൂർത്തിയാക്കി പി.ജി.ക്ക് ചേരാനുള്ള ഒരുക്കത്തിലാണ്. ആദ്യമായാണ് ഇത്രയും വലിയൊരു പ്രതിഷേധത്തിൽ പങ്കെടുക്കുന്നതെന്നും ആവേശകരമായ അനുഭവമായിരുന്നെന്നും പവിത്ര പറഞ്ഞു.

വീണ്ടും ടോൾ പിരിവ് നിർത്തി

തൃപ്രയാർ:നാട്ടിക ടോൾ പ്ലാസയിലേക്ക് ബഹുജന പ്രതിഷേധം ഇരമ്പി - സമരത്തെ തുടർന്ന് ഞായറാഴ്ച രാവിലെ വീണ്ടും ടോൾ പിരിവ് നിർത്തി.എൽ ഡി എഫിന്റെ നേതൃത്വത്തിൽ ഞായറാഴ്ച രാവിലെ കോട്ടൺ മിൽ പരിസരത്ത് നിന്നാരംഭിച്ച പ്രതിഷേധ മാർച്ചിൽ സത്രീകൾ ഉൾപ്പെടെ വൻ ജനാവലി പങ്കെടുത്തു.ദേശീയപാത അധികാരികൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുമെതിരായുള്ള ശക്തമായ താക്കീതായി എൽ ഡി എഫ് മാർച്ച്. സമരത്തെ നേരിടാൻ രാവിലെ മുതൽ ടോൾ ബൂത്തിന് മുൻപിൽ ശക്തമായ പൊലീസ് സന്നാഹം നിലയുറപ്പിച്ചിരുന്നു.ഇക്കഴിഞ്ഞ 8 മുതൽ നാട്ടികയിൽ ടോൾ പിരിവ് നടത്താൻ എൻ എച്ച് ഐ എ അധികാരികൾ തീരുമാനിച്ചെങ്കിലും സി പി ഐ എം ഉൾപ്പെടെയുള്ള വിവിധ രാഷ്ട്രീയ പാർട്ടികളുടെയും നേതൃത്വത്തിൽ നടത്തിയ ശക്തമായ പ്രതിഷേധത്തെ തുടർന്ന് ടോൾ പിരിവ് താൽക്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ ശനിയാഴ്ച രാവിലെ മുതൽ ടോൾ പിരിവ് വീണ്ടും ആരംഭിക്കുകയായിരുന്നു. ഇതിനെ തുടർന്ന് എൽഡിഎഫിന്റെ നേതൃത്വത്തിൽ ശനിയാഴ്ച ടോൾ പിരിവ് ആരംഭിച്ചയുടനെ ശക്തമായ പ്രതിഷേധ മാർച്ച് ടോൾ പ്ലാസയിലേക്ക് സംഘടിപ്പിച്ചിരുന്നു.ഏറെ നേരം പൊലീസുമായി പ്രവർത്തകർ ഉന്തും തള്ളും നടന്നു. പോലീസ് ബന്തവസ് മറികടന്ന് ടോൾ പ്ലാസയിലേക്ക് നേതാക്കളും പ്രവർത്തകരുമെത്തി പ്രതിഷേധം സംഘടിപ്പിച്ചു. തുടർന്ന് എൽ ഡി എഫ് നേതാക്കളെ വലപ്പാട് പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.തുടർ പ്രക്ഷോഭത്തിന്റെ ഭാഗമായാണ് ഞായറാഴ്ച വീണ്ടും എൽ ഡി എഫിന്റെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധ മാർച്ച് ടോൾ ബൂത്തിലേക്ക് സംഘടിപ്പിച്ചത്. സി പി ഐ എം ജില്ലാ സെക്രട്ടറി കെ വി അബ്ദുൾ ഖാദർ ബഹുജന മാർച്ച് ഉദ്ഘാടനം ചെയ്തു.സി പി ഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം കെ പി സന്ദീപ് അധ്യക്ഷനായി.നേതാക്കളായ അഡ്വ.വി കെ ജ്യോതി പ്രകാശ്, എ എസ് ദിനകരൻ, കെ എ വിശ്വംഭരൻ, കെ ആർ സീത, ടി എസ് മധുസൂദനൻ തുടങ്ങിയവർ സംസാരിച്ചു.

തിരുവനന്തപുരം എ.പി.ജെ. അബ്ദുൾ കലാം സ്റ്റഡിസെന്ററിന്റെ ബാലപ്രതിഭ പുരസ്കാരം (2026) നേടിയ ഹെവേന ബിനു, മായന്നൂർ. ചേലക്കര എസ്.എം.ടി.ജി.എച്ച്.എസ്.എസ്. ലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്. മറ്റ് നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

നവരാത്രിയോടനുബന്ധിച്ച് മണലാറുകാവ് യൂത്ത് വിംഗ് ക്ഷേത്രത്തിൽ ഒരുക്കിയ ബൊമ്മക്കൊലു

വിയ്യൂർ: ഗ്രാമീണ വായനശാലയിൽ ലൈബ്രറി കൗൺസിലിന്റെ നിർദേശപ്രകാരം 'പരസ്പരം' ഭരണസമിതി യോഗത്തിന് പ്രസിഡന്റ് സന്തോഷ് കെ.എഫ് അധ്യക്ഷത വഹിച്ചു. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ. എം. ഹരിദാസ്, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ. രാമചന്ദ്രൻ, ജോയിന്റ് സെക്രട്ടറി ടി.എം. റോയ്, വായനശാല സെക്രട്ടറിയും നോർത്ത് മേഖല കൺവീനറുമായ പി. ഉദയകുമാർ, വൈസ് പ്രസിഡന്റ് വി.ഡി . ജോൺസൺ, ജോയിന്റ് സെക്രട്ടറി അരുൺ നാരായണൻ, കമ്മിറ്റി മെമ്പർമാരായ അമൽ ജോയ്, ആനന്ദ് ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

വലപ്പാട് ബാബുൽ ഉലൂം മദ്രസ്സാ ഹാളിൽ മജ്‌ലിസുന്നൂറും, ജീലാനി അനുസ്മരണവും നടത്തി

റാത്തീബും
മജ്‌ലിസുന്നൂറും

വലപ്പാട്: ഉസ്താദ് ഷിഹാബുദ്ദീൻ റഹ്മാനി അനുസ്മരണപ്രഭാഷണം നടത്തി. വൈസ് പ്രസിഡൻറ് എൻ.എം ഷെരീഫ് അധ്യക്ഷത വഹിച്ചു. മഹല്ല് ജനറൽ സെക്രട്ടറി പി.ഐ നസീർ ആമുഖപ്രസംഗം നടത്തി. മഹല്ല് ഖത്തീബ് റഫീഖ് ഖാസിമി ദുഃ ആക്ക് നേതൃത്വം നൽകി. നന്ദി പറഞ്ഞു മഹല്ല് പ്രസിഡന്റ് വി.കെ സുലൈമാൻ ഹാജി ട്രഷറർ പി.എസ് ഷഹീൻ, കമ്മിറ്റി ഭാരവാഹികളായ എ ഷാജഹാൻ, കെ.എ അയ്യൂബ്, പി.എം മുഹമ്മദ്, സി.കെ ഷംസുദ്ദീൻ, പി.എ നിഷാദ്, വി.ഐ അബൂതാലിഫ് ഉസ്താദുമാരായ മുഹമ്മദ് മാസിൻ, അബൂബക്കർ,അബ്ദുൽ സലാം, മഹല്ല് നിവാസികളും പങ്കെടുത്തു. മധുര വിതരണവും നടത്തി.

ബാർ അസോസിയേഷൻ ഇരിഞ്ഞാലക്കുട ഭരണസമിതി അംഗങ്ങൾ

പി ജെ തോമസ്

വി പി ലിസൻ

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട ബാർ അസോസിയേഷൻ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. പ്രസിഡൻറ് പി ജെ തോമസ്, വൈസ് പ്രസിഡന്റുമാർ-അജിത്ത് ഒ എൽ, സുമ കെ എം-ജനറൽ സെക്രട്ടറി വി പി ലിസൻ, ജോയിൻറ് സെക്രട്ടറിമാർ-സാബുരാജ് സി വി, മോനിഷ, ട്രഷറർ പി എസ് സുബീഷ്, ബോർഡ് ഓഫ് മാനേജ്മെൻറ്-അഭിജിത്ത് പ്രസാദ്, അരുൺരാജ് വിഎസ്, പ്രജീഷ് വി പി , ദിലീപ് കുമാർ കെ ജി, സോണി പോൾ, സുമ ഉണ്ണികൃഷ്ണൻ, പ്രശാന്ത് ആർ, അർച്ചന.

സഹോദയ കലോത്സവം

ആറ്റൂർ: . സഹോദയ (സി.ബി.എസ്.ഇ.) തൃശൂർ റവന്യൂ ജില്ലാ കലോത്സ്യം 14 മുതൽ 16 വരെ ആറ്റൂർ അറഫ ഇംഗ്ലീഷ് സ്കൂളിൽ നടക്കും. 150 ഇന മത്സരത്തിൽ 5500 വിദ്യാർത്ഥികൾ പങ്കെടുക്കും. 14 ന് കാലത്ത് സാഹിത്യകാരൻ വൈശാഖൻ ഉൽഘാടനം ചെയ്യും. അറഫ ചാരിറ്റബിൾട്രസ്റ്റ് ചെയർമാൻ കെ.എസ്. ഹംസ അദ്ധ്യക്ഷത വഹിക്കും.

രവിമേനോന് പിറന്നാൾ ആശംസ

തൃശൂർ: കൈരളിയുടെ സംഗീതകലാ ചരിത്രത്തിൽ ഗാനരചയിതാക്കൾക്കും സംഗീതസംവിധായർക്കും ഗായകർക്കുമൊപ്പം സ്ഥാനംനേടിയെടുക്കുക മാത്രമല്ല, പാട്ടെഴുത്തെന്ന ഒരു നവീനപ്രസ്ഥാനത്തിനുതന്നെ ജന്മം നൽകിക്കൊണ്ട് അതിനെ സംഗീതകലയിലെ തികച്ചും വ്യത്യസ്തമായ മറ്റൊരു പുതുശാഖയായി വളർത്തിവലുതാക്കുകയും ചക്രവാളസമാനം വിശാലമായൊരു വ്യാപ്തിയിൽ അതിനെ പ്രതിഷ്ഠിക്കുകയുംചെയ്ത രവിമേനോൻ എന്ന നിസ്തുലപ്രതിഭയുടെ ജന്മദിനത്തിൽ അദ്ദേഹത്തിന് ഹൃദയംനിറഞ്ഞതും ഊഷ്മളവുമായ പിറന്നാൾ ആശംസ അർപ്പിക്കുന്നു ! 'ഗായകർക്ക് ശബ്ദവും ഈണവും നൽകിയത് അന്തിമവിശകലനത്തിൽ ഈശ്വരനാണെന്നല്ലാതെ,അതിനപ്പുറം ഒരു കാരണം കണ്ടെത്താൻ ഒരു മനുഷ്യനും ഇതേവരെ കഴിഞ്ഞിട്ടില്ലെ'ന്ന് ഒഡേഷ്യസ് പറഞ്ഞിട്ടുണ്ട്. അതേപോലെ, മനുഷ്യന്റെ സർഗ്ഗശക്തിയെ സ്ഥല-കാലങ്ങൾ ഒട്ടൊക്കെ സ്വാധീനിക്കുന്നുണ്ടെന്നത് സത്യമാണെങ്കിലും പ്രതിഭാശാലികൾ കാലത്തിന്റെ ദാസന്മാർ മാത്രമല്ലെന്നും, ജന്മകൃതമായി, ഈശ്വരാനുഗ്രഹത്താൽ കൈവരുന്ന 'സിദ്ധി' യെന്നൊരു ശക്തിവിശേഷം പ്രതിഭാധനതയെ നിർണ്ണയിക്കുന്ന മർമ്മപ്രധാനമായ ഘടകമാണെന്ന പൗരസ്ത്യ കലാതത്ത്വചിന്തനായ രാജശേഖരനും പാശ്ചാത്യ സാഹിത്യ-കലാ- സൗന്ദര്യശാസ്ത്രജ്ഞനായ ലോഞ്ജൈനസും പറഞ്ഞുവച്ചിട്ടുള്ളത് രവിമേനോനും അതിന്റെ സമ്പൂർണ്ണഅർത്ഥത്തിലും യോജിക്കും. ഒരു ഗാനത്തിന്റെ ഉല്പത്തിയും വളർച്ചയും അതിനുപിന്നിലെ ഒരുത്തമ സംഗീതജ്ഞനുമാത്രം പ്രാപ്യമാകുന്ന അതിന്റെ നിഗൂഢമായ സൃഷ്ടിരഹസ്യങ്ങളും തേടിപ്പിടിച്ച്, മലയാളികളായ നമ്മുടെ ഗാനാസ്വാദന സംസ്കാരത്തിനും അഭിരുചിക്കും ജിജ്ഞാസകൾക്കും പരിപൂരിതമാകുംവിധം പദവിന്യാസങ്ങളിലൂടെ,ഭാഷയിലൂടെ നമ്മുടെ ഹൃദയത്തിന്റെ ലോലതന്ത്രികളിലേക്ക് ഉദ്വേഗജടിലമായൊരു സാന്ത്വനഭംഗിയോടെ പകർന്നുനൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടെന്നത് ഇത് സാധൂകരിക്കുന്നു. ഇത്തരത്തിലൊരു കലാവിഷ്കാര ദൗത്യം പ്രോത്ഘാടനം ചെയ്യാനും അത് വിജയകരമാക്കിത്തീർക്കാനും മറ്റേതെങ്കിലും ഭാഷയിൽ മറ്റാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടാ എന്നത് സംശയമാണ്.

പാട്ടെഴുത്തിന്റെ ശ്രുതികാരനായ രവിമേനോന് ഒരിക്കൽക്കൂടി ഹൃദയംഗമായ പിറന്നാൾ ആശംസ !

ആയുഷ്മാൻ ഭവ:
സർവ്വ വിജയീ ഭവ:

ജൂനിയർ റെഡ് ക്രോസ് ക്യാപ്പിങ്ങ് സെറിമണി

അവിട്ടത്തൂർ : ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ റെഡ് ക്രോസിന്റെ 2026-27 ബാച്ചിന്റെ Capping Ceremony സ്കൂൾ മാനേജർ എ.സി. സുരേഷ് നിർവഹിച്ചു. പ്രധാനധ്യാപിക എൻ. എസ്.രജനിശ്രീ അധ്യക്ഷത വഹിച്ചു.

ജെ. ആർ. സി. സ്കൂൾ കൗൺസിലർ സി. ജെ. ജോസ് സ്വാഗതവും ഗോകില ടീച്ചർ നന്ദിയും പറഞ്ഞു.

ആധാരം എഴുത്ത് അസ്സോസിയേഷന്റെ 25-ാമത് തൃശ്ശൂർ യൂണിറ്റ് സമ്മേളനം

തൃശൂർ കോർപറേഷൻ കൗൺസിലർ എം എൽ റോസി മുഖ്യപ്രഭാഷണം നടത്തുന്നു

ആധാരം എഴുത്ത് അസ്സോസിയേഷന്റെ (AKDW&SA) 25-ാംമത് തൃശ്ശൂർ യൂണിറ്റ് സമ്മേളനം കേരള സാഹിത്യ ആക്കാദമി ചങ്ങമ്പുഴ ഹാളിൽ (ആയിഷാ ബീവി നഗർ) ശനിയാഴ്ച പ്രസിഡണ്ട് ജോസ് കുനംപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽചേർന്നു. സംസ്ഥാന സെക്രട്ടറി (ജില്ലാ ചാർജ്ജ്) എം.പി. മധുസൂദനൻ ഉൽഘാടനം നിർവ്വഹിച്ചു. സെക്രട്ടറി കെ.എൽ സിസംൺ സ്വാഗതം പറഞ്ഞു. സംസ്ഥാന ഉപദേശക സമതി ചെയർമാൻ ഒ.എം. ദിനകരൻ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡണ്ട് പി.പി. പ്രകാശ് കുമാർ സംഘടന റിപ്പോർട്ടും, യൂണിറ്റ് സെക്രട്ടറി പ്രവർത്തന റിപ്പോർട്ടും ട്രഷറർ രജി വി.ജി. വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. മുതിർന്ന ആധാരമെഴുത്തുകാരും തൊഴിലിൽ 50 വർഷം പൂർത്തീകരിച്ചവരുമായ പി.വി.ഗോപി, രാജകേശവൻ, എം.ഒ. ലോനപ്പൻ, കെ.എൽ അലക്സ് എന്നിവരെ സംസ്ഥാന ഉപദേശക സമതി ചെയർമാൻ ഒ.എം. ദിനകരൻ ആദരിച്ചു.

സമ്മേളത്തിന് തൃശ്ശൂർ കോർപ്പറേഷൻ കൺസിലർ എം.എൽ റോസി, ബി.ജെ.പി. സംസ്ഥാന കമ്മിറ്റി അംഗം സുരേന്ദ്രൻ അയിനികുന്നത്ത്, ജില്ലാ സെക്രട്ടറി തോമസ് വടക്കൻ, ജില്ലാ ട്രഷറർ ടി.എച്ച്. അഷ്ക്കർ, സംസ്ഥാന കമ്മിറ്റി അംഗം സിനീഷ് പുന്നക്കുഴി, ജില്ലാ ഉപദേശക സമതി ചെയർമാൻ ഒ.കെ. സോമൻ, സ്വാന്തനം പദ്ധതി കൺവീനർ ടി.പി. ബാലൻ, തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡണ്ട് ഇ.ഡി. കൊച്ചുമാത്യൂ, ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ മോഹൻദാസ്, ജെയ്നി, എന്നിവർ അംശംസകൾ അർപ്പിച്ച് സംസാരിച്ചു. വൈസ് പ്രസിഡണ്ട് പി.വി. ബാബു നന്ദി പറഞ്ഞു.

ജോസ് കുനംപ്ലാ ക്കൽ-പ്രസിഡണ്ട്

ജോസ് കുനംപ്ലാക്കൽ **വിൽസൺ സ്രാമ്പിക്കൽ** **വി.ജി. രജി**

അസോസിയേഷന്റെ പുതിയ യൂണിറ്റ് പ്രസിഡണ്ടായി ജോസ് കുനംപ്ലാക്കൽ, സെക്രട്ടറിയായി വിൽസൺ സ്രാമ്പിക്കൽ, ട്രഷറർ വി.ജി. രജി, വൈസ് പ്രസിഡണ്ട് കെ.എൽ.അലക്സ്, ജോയിന്റ് സെക്രട്ടറി ടെസ്സി വർഗ്ഗീസ്, എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ഫ്രാൻസീസ് വടക്കൻ, ജില്ലാ കമ്മിറ്റിയിലേക്ക് പ്രതിനിധികളായി തോമാസ് വടക്കൻ, രാഖി, കെ.എൽ സിംസൺ, ബൈജു പുളുക്കുഴി, അഭിലാഷ്, എന്നിവരെ തെരെഞ്ഞെടുത്തു.

ചക്കരപ്പാടം പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കും; തോമസ് ഉണ്ണിയാടൻ എം എൽ എ

പടിയൂർ: കാലപ്പഴക്കം മൂലം കഴിഞ്ഞ ദിവസം തകർന്ന മഴുവഞ്ചേരിതുരുത്ത് - ചക്കരപ്പാടം പടിപ്പാലത്തിനു പകരം പുതിയ പാലം നിർമ്മിക്കുന്നതിന് നേരത്തെ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും നടപടികൾ പൂർത്തിയാക്കി എത്രയും വേഗം പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുമെന്നും തോമസ് ഉണ്ണിയാടൻ എം എൽ എ പറഞ്ഞു.

അമലയിൽ ഗവേഷണ ദിനാചാരണം മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു

തൃശ്ശൂർ: അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ഗവേഷണദിനാചരണത്തിൻറെ ഭാഗമായി ഏകദിന സംയാജിത വൈദ്യശാസ്ത ഗവേഷണ സിമ്പോസിയവും അമല ഇൻറഗ്രേറ്റഡ് മെഡിക്കൽ റിസർച്ച് ലാബിൻറെ ഉദ്ഘാടനവും ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ നിർവഹിച്ചു. ദേവമാതാ പ്രൊവിൻസ് വിദ്യാഭ്യാസ കൗൺസിലർ ഫാ. ലിജാ ബഥകുളം സി.എം.ഐ. അധ്യക്ഷത വഹിച്ചു. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചയർമാൻ ഡോ. അച്യുത്ശങ്കർ എസ്. നായർ മുഖ്യപഭാഷണം നടത്തി. പരിപാടിയുടെഭാഗമായി നടന്ന ശാസ്ത്ര സമ്മേളനത്തിൽ ഐ.സി.എം.ആർ. ശാസ്തജ്ഞൻ ഡോ . ശീനിവാസ ബി.എം. പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് അമലയുമായി ധാരണാപതമുള്ള സ്ഥാപനങ്ങള പങ്കെടുപ്പിച് ഗവേഷണ സഹകരണം ലക്ഷ്യമിടുന്ന റിസർച്ച് നക്സസ് സംഗമം നടന്നു. ചടങ്ങിൽ ലുമിന 2025 എന്ന ഗവേഷണ റിപ്പോർട്ട് മന്ത്രി പ്രകാശനം ചെയ്തു. അമലയുടെ റിസർച്ച് ജേർണലായ ജേണൽ ഓഫ് അഡ്വാൻസ്ഡ് ഹൽത്ത് റിസർച്ച് ആൻഡ് ക്ലിനിക്കൽ മെഡിസിൻ, ഡയറക്റ്ററി ഓഫ് ഓപ്പൺ അക്സസ്സ് ജേർണൽ പട്ടികയിൽ ഉൾപ്പട്ടതിൻറെ പ്രഖ്യാപനവും ഗവേഷണമികവിനുള്ള പുരസ്കാരവിതരണവും നടന്നു. ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സി.എം.ഐ., ഫാ.ഡോ. ആൻറണി മണ്ണുമ്മൽ സി.എം.ഐ., ഡോ ബെറ്റ്സി തോമസ്, ഡോ. രാജി രഘുനാഥ്, ഡോ. വി രാമൻകുട്ടി, ഡോ. ശ്രുതി എം വി, ഡോ. കല്യാണി പിള്ള, ഡോ. ലേഖ കെ. നായർ, ഡോ. ജോബി തോമസ്, ഡോ. സോജൻ ജോർജ്, ഡോ.അശ്വിൻ ഉമ്മൻ ഫിലിപ്പ് എന്നിവർ സംസാരിച്ചു.

പുസ്തക പ്രകാശനം

ഇരിങ്ങാലക്കുട: പത്ര പ്രവർത്തകനും എഴുത്തുകാരനും യുക്തിവാദിയുമായ ഇ ഡി അഗസ്റ്റിന്റെ സ്മരണാർത്ഥം സുഹൃത്തുക്കളും നാട്ടുകാരും ചേർന്ന് തയ്യാറാക്കിയ ഓർമ്മ കുറിപ്പുകൾ അടങ്ങിയ 'ഇ ഡി അഗസ്റ്റിൻ - ഒരു ദേശം ഓർമ്മയെഴുതുമ്പോൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രസിദ്ധ എഴുത്തുകാരൻ അശോകൻ ചരുവിൽ നിർവ്വഹിച്ചു. ചടങ്ങിൽ ഖാദർ പട്ടേപ്പാടം അദ്ധ്യക്ഷത വഹിച്ചു. ഷക്കീലടീച്ചർ, പി വി സതീശൻ, ശക്തിധരൻ, വിജൻ ബി വർഗ്ഗീസ്, റഷീദ് കാറളം,വിൻസന്റ് മഞ്ഞളി, തുമ്പൂർ ലോഹിതാക്ഷൻ, ലക്ഷ്മണൻ, ബിൻസി ടീച്ചർ,വിദ്യാനാഥ് (എഡിറ്റർ) എന്നിവർ സംസാരിച്ചു. സുരേഷ് അമ്പാട്ട് സ്വാഗതം പറഞ്ഞ ചടങ്ങിൽ അഭി തുമ്പൂർ നന്ദി രേഖപ്പെടുത്തി.

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മിറ്റി

ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കണമെന്ന് മുസ്ലിം ലീഗ് നിയോജകമണ്ഡലം പ്രവർത്തനസമിതി കൺവെൻഷൻ ആവശ്യപ്പെട്ടു. പ്രവർത്തകസമിതി കൺവെൻഷൻ ജില്ലാ സെക്രട്ടറി പി കെ ഷാഹുൽ ഹമീദ് ഉദ്ഘാടനം ചെയ്തു.

നിയോജകമണ്ഡലം പ്രസിഡണ്ട് കെ എ റിയാസുദീൻ അധ്യക്ഷത വഹിച്ചു.

അഡ്വക്കേറ്റ് ഷൈജോ ഹസൻ, വി എം അബ്ദുള്ള, സിപിഐ അബ്ദുൽ കരീം, വി എ മുജീബ് റഹ്മാൻ, ജോസ് കിഴക്കേ പീടിക, സുധീർ കെ എ, വി എ ഇസ്മായിൽ, ഷെയ്ക്ക് പരീത്, സലിം തവയിൽ, കെ കെ അബ്ദുള്ളക്കുട്ടി, സി കെ സുബൈർ എന്നിവർ സംസാരിച്ചു.

തപാൽ ദിനത്തിൽ എരുമപ്പെട്ടി ചിറ്റ ണ്ട യു.പി.സ്കൂൾ വിദ്യാർത്ഥികൾ ചിറണ്ട ബ്രാഞ്ച് തപാലാഫീസ് സന്ദർശിച്ചതും വേറിട്ടനുഭവം. തപാൽ ഉരുപ്പടികൾ / അവ കൈകാര്യം ചെയ്യുന്നത് / സേവിങ് നിക്ഷേപ പദ്ധതി തുടങ്ങിയ കാര്യങ്ങൾ തപാലാഫീസ് ജീവനക്കാർ വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു. വിദ്യാർ ഥാക പോസ്റ്റ് മാസ്റ്റർമാരായ കെ.മായ, നിബിതബാബു എന്നിവരെ ആദരിച്ചു. പ്രധാന അദ്ധ്യാപിക, ലൂസി,വിദ്യാർത്ഥി ലീഡർ അമിഷ നേതൃത്വം നൽകി.

പ്രിയ പ്പെട്ട സുഹൃത്തേ!

പ്രിയപ്പെട്ട സുഹൃത്തെ എന്നെഴുതി ഒരു കത്ത് തപാലിലയക്കൽ, സ്വന്തം വിലാസത്തിൽ ഒരു കത്ത് പോസ്റ്റ്മാൻ വീട്ടിലെത്തിക്കൽ - ഗൃഹാതുരത്വ വും, കാലാതീത ഓർമ്മ യായും തപാലാഫീസ്, പോസ്റ്റ് മാൻ -അതൊക്കെ ഈ ഡിജിറ്റൽ യുഗത്തിലുംനമ്മെ നൊമ്പരപ്പെടുത്തുന്നു ആ സന്തോഷം പകർന്ന് ഒരു തപാൽ ദിനം കുടിവെളി കടന്നുപോയി. ധാരാളം കത്തുകളെഴുതി തപാലിലയച്ച് സൗഹൃദം പകരുന്ന സാംസ്കാരിക പ്രവർത്തകൻ തപാൽ ദിനത്തിൽ എഴുതിയതിങ്ങനെ: എന്റെനെഞ്ചിടിപ്പുകളാണ്. നിന്നിൽ നിക്ഷേപിക്കുന്നത്.മണിയൊച്ചയുമായി തേടിയെത്തുന്നത്.പ്രിയപ്പെട്ടവരുടെ നിശ്വാസങ്ങളാ ണ്. സ്വപ്നങ്ങൾ പകർന്നു തന്നാണ് കാക്കി വേഷവും നീളൻ കുടയും പാടവരമ്പും താണ്ടി അകന്നുപോയത്. ഓർമ്മകളിൽപശയിലൊട്ടിയ നീലതാളുകൾ